**7913**

Register Number | | | | | | |

# Language — MALAYALAM — Paper II

( Grammar, Composition and Non-detailed )

Time Allowed : $2\frac{1}{2}$ Hours ] [ Maximum Marks : 100

I. നിർദ്ദേശമനുസരിച്ച് അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക : $5 \times 2 = 10$

1. അവൻ അവിടെ പോയി. അദ്ദേഹത്തെ കണ്ടില്ല.

   ( ഒറ്റ വാക്യമാക്കുക )

2. രാമനും കൃഷ്ണനും വരും.

   ( ഭൂത കാലം എഴുതുക )

3. അവരം വീട്ടിൽ പോയി.

   ( വീട്ടിൽ എന്ന പദം ഏത് വിഭക്തിയിൽപെടുന്നു )

4. വ്യാസൻ മഹാഭാരതം രചിച്ചു.

   ( പ്രയോഗം മാറ്റുക )

5. ജാനകി മകളോട് നീ ഇന്നും കരഞ്ഞു ഇല്ലയോ എന്നു ചോദിച്ചു.

   ( ഉചിതമായ ചിഹ്നങ്ങരം ചേർത്തെഴുതുക )

6. കുടുമ്പം, സുചിത്വം

   ( തെറ്റു തിരുത്തുക )

7. കള്ളൻ, ഈശ്വരി

   ( എതിർ ലിംഗമെഴുതുക )

[ Turn over

II. അഞ്ചെണ്ണത്തിന് ഉദാഹരണസഹിതം ഉത്തരമെഴുതുക : 5 × 2 = 10

8. ദ്രവ്യനാമം എന്നാലെന്ത് ?

9. അവ്യയം എന്നാലെന്ത് ?

10. കർമ്മകാരകം എന്നാലെന്ത് ?

11. കാരിതം എന്തെന്ന് ഉദാഹരണത്തോടെ എഴുതുക.

12. മുൻവിനയെച്ചം-രണ്ടുദാഹരണം എഴുതുക.

13. നാമവിശേഷണം എന്നാലെന്ത് ?

14. നിർദ്ദേശകപ്രകാരം ഉദാഹരണത്തോടെ എഴുതുക.

III. a) പിരിച്ചെഴുതി സന്ധികാര്യം വിവരിക്കുക : 4 × 2 = 8

15. കണ്ടില്ല

16. കൈത്തൊഴിൽ

17. തിരുമുൽക്കാഴ്ച്ച

18. പനയോല

b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : 5 × 2 = 10

19. കാട്ടരുവി

20. ചെന്താമരക്കണ്ണൻ

21. നവഗ്രഹങ്ങൾ

22. അച്ഛനമ്മമാർ

23. പൂമേനി

IV. a) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

24. മഞ്ജരി

25. തരംഗിണി

26. ഉപജാതി

b) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : 2 × 3 = 6

27. ഉൽപ്രേക്ഷ

28. സ്മൃതിമാൻ

29. ദീപകം

V. ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പുറത്തിൽ ഉത്തരമെഴുതുക : 1 × 5 = 5

30. ഒത്തു പിടിച്ചാൽ മലയും നീങ്ങും.

31. ദുഃഖത്തിന് കാലം സിദ്ധൗഷധം.

VI. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

5 × 2 = 10

ആദി സമൂഹത്തിൽ അമ്മ മാത്രമായിരുന്നു ഉൺമ. സ്ത്രീയുടെ മാതൃസ്വഭാവത്തിന്റെ മഹത്വം വ്യക്തമാക്കുന്ന ദേവീ സങ്കല്പമായിരുന്നു ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്വം. സ്ത്രീയെ സൃഷ്ടിരൂപിണിയായും, ശക്തിരൂപിണിയായും ദുഷ്ടതയെ നശിപ്പിക്കുന്ന സംഹാരരൂപിണിയായും ഭാരതീയർ ആരാധിക്കുന്നു. സമുന്നതമായ മതചിന്തയാൽ സമ്പുഷ്ടമാണ് ഋഗ്വേദം. ഏറ്റവും ഉന്നതമായ അറിവ് നേടുന്നതിനും സ്ത്രീകൾ പുരുഷൻമാർക്കൊപ്പം തുല്യരായിരുന്നുവെന്ന് സൂചിപ്പിക്കുന്ന തെളിവുകൾ ഋഗ്വേദത്തിലുണ്ട്. പെൺകുട്ടികളെ വളരെ ചെറുപ്പത്തിൽ വിവാഹം കഴിച്ചു കൊടുക്കരുതെന്ന് ഋഗ്വേദം നിഷ്ക്കർഷിച്ചിരുന്നു. പ്രായം തികഞ്ഞവളും വിദ്യാ വിചക്ഷയുമായ വധുവിനെ തത്തുല്യമായ പ്രായവും വിദ്യാഭ്യാസവുമുള്ളവർക്ക് വിവാഹം കഴിച്ചു കൊടുക്കണമെന്നായിരുന്നു വിധി. വിദ്യാഭ്യാസമില്ലാത്ത ഒരു പെൺകുട്ടിക്ക് നല്ല നിലയിലുള്ള വരനെ കിട്ടുക വിഷമമായിരിക്കുമെന്നാണ് അഥർവ്വ വേദം പറയുന്നത്.

32. സ്ത്രീയെ കുറിച്ചുള്ള ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്വം എന്തായിരുന്നു ?

33. സ്ത്രീയെ ഭാരതീയർ എങ്ങനെയെല്ലാം ആരാധിക്കുന്നു ?

34. ഋഗ്വേദത്തിൽ തെളിയുന്നതെന്ത് ?

35. ഋഗ്വേദം നിഷ്ക്കർഷിക്കുന്നതെന്ത് ?

36. അഥർവ്വ വേദത്തിലെ സൂചനയെന്ത് ?

VII. 37. നിങ്ങൾ വായിച്ച ഒരു പുസ്തകത്തെ കുറിച്ച് കൂട്ടുകാരനൊരു കത്ത് എഴുതുക :

1 × 10 = 10

*അല്ലെങ്കിൽ*

38. നിങ്ങളുടെ വീടിനടുത്തുള്ള മലയാളി സംഘടനയിലെ മത്സരത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തയയ്ക്കുക.

VIII. ഏതെങ്കിലും ഒരു കഥ രണ്ടുപുറത്തിൽ കവിയാതെ സംഗ്രഹിച്ചെഴുതുക : 1 × 15 =

39. ഇതുണ്ടായാൽ അതുണ്ടാകും

40. വ്യാകുല സങ്കേതം

41. അനായാസേന മരണം.

IX. ഒന്നിനെപ്പറ്റി ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 1 × 10 =

42. പത്രപാരായണം

43. കേരള പുരോഗമനം

44. ലോക സമാധാനം.